# അപ്പൊസ്തലനായ പൗലൊസ് ഫിലേമോന് എഴുതിയ ലേഖനം

## മുഖവുര

എ.ഡി. 61 ൽ റോമിൽനിന്നും എഴുതി. പൗലൊസ് എഴുതിയ ലേഖനങ്ങളിൽ ഏറ്റവും ചെറിയ ലേഖനമാണ് ഇത്. ക്രിസ്തീയ സ്നേഹം സംഘർഷം നിറഞ്ഞ ലോകത്തിൽ പുനഃസ്ഥാപിക്കുവാൻ സാധിക്കും എന്ന് ഈ ലേഖനം പഠിപ്പിക്കുന്നു. ഫിലേമോൻ കൊലൊസ്സ്യക്കാരനായിരുന്നു. പൗലൊസിന്റെ പ്രവർത്തനഫലമായി ഫിലേമോൻ ക്രിസ്തുഭക്തനായി തീർന്നു (19). താൻ ധനികനായ ഒരു വിശ്വാസിയായിരുന്നു. ഫിലേമോന്റെ ഭവനത്തിലാണ് കൊലൊസ്സ്യ സഭ കൂടിവന്നത് എന്ന് അഭിപ്രായപ്പെടുന്നു.

ഫിലേമോന്റെ അടിമയായിരുന്നു ഒനേസിമൊസ്. അവൻ തന്റെ യജമാന നിൽനിന്നും ഒളിച്ചോടിപ്പോയി. സംഗതിവശാൽ പൗലൊസുമായി റോമിൽ കണ്ടുമുട്ടി. അങ്ങനെ യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ ഇടയായി. റോമൻ നിയമപ്രകാരം ഒളിച്ചോടിപ്പോകുന്ന അടിമകൾ മരണശിക്ഷയ്ക്കു യോഗ്യരാണ്. ക്രിസ്തുവിനോടുള്ള ബന്ധം ഒനേസിമൊസിൽ വലിയ വ്യത്യാസം ഉളവാക്കി. അവൻ ഇന്നു ക്രിസ്തുവിൽ സഹോദരനാണ്. സ്നേഹി ക്കുവാനും ക്ഷമിക്കുവാനും കരുണ ലഭിക്കുവാനും അവൻ യോഗ്യനായി തീർന്നു. ലളിതസുന്ദരവും സ്നേഹമസൃണവുമായ ഈ ലേഖനം ഒനേസിമൊസിന്റെ കൈവശം ഫിലേമോനു പൗലൊസു കൊടുത്തയച്ചു.

വിശ്വാസികൾക്കു ക്രിസ്തുമൂലം ലഭിക്കുന്ന പാപക്ഷമയെ ഈ ലേഖനം വരച്ചുകാണിക്കുന്നു. ഒനേസിമൊസിനുവേണ്ടി പൗലൊസു അഭയയാചന ചെയ്യുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നു. ഈ ലേഖനത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

(1-7) ഫിലേമോനുവേണ്ടിയുള്ള സ്തോത്രം

(8-16) ഒനേസിമൊസിനുവേണ്ടിയുള്ള അഭയയാചന

(17-25) ഫിലേമോനു നൽകുന്ന വാഗ്ദാനം

## പൗലൊസിന്റെ വന്ദനം (1-3)

ഇത് ഒരു കാരാഗൃഹ ലേഖനം ആണ്. പൗലൊസു ക്രിസ്തുമൂലം തടവുകാരനായി. കർത്താവ് അനുവദിച്ചതുകൊണ്ടാണ് അതു സംഭവിച്ചത് എന്നുള്ള ബോധം തനിക്കുണ്ടായിരുന്നു. അതുകൊണ്ടു തടവറയിലും തനിക്കു സമാധാനവും സന്തോഷവും അനുഭവിക്കുവാൻ കഴിഞ്ഞു. തിമൊ ഥെയൊസു ക്രിസ്തുവിൽ സഹോദരനാണ്. അവൻ സ്വതന്ത്രനായിരുന്നു. വന്ദനം സ്വീകരിക്കുന്ന ഫിലേമോൻ ഒരു മാതൃകാ വിശ്വാസിയായിരുന്നു. പൗലൊസിനു താൻ പ്രിയനും കൂട്ടുവേലക്കാരനും ആയിരുന്നു. തന്റെ ഭവന ത്തിലായിരുന്നു കൊലൊസ്സ്യ സഭ കൂടിവന്നിരുന്നത്. അപ്പിയ ഫിലേമോന്റെ ഭാര്യയും അർക്കിപ്പൊസ് മകനും ആയിരുന്നു എന്നു കരുതാം. അർക്കിപ്പൊസ് കർത്തൃശുശ്രൂഷയിൽ ശുഷ്ക്കാന്തിയുള്ള വ്യക്തിയായിരുന്നു. അപ്പനും മകനും കർത്താവിനെ സേവിക്കുന്നത് എത്ര ഭാഗ്യം. കൃപയും സമാധാനവും നേർന്നുകൊണ്ടു ലേഖനം ആരംഭിക്കുന്നു. ദൈവം സകലവും തന്റെ സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. അതു നാം കൃപയാൽ സ്വീകരിക്കുന്നു. കൃപ അനർഹമായ അനുഗ്രഹമാണ്. കൃപ ലഭിച്ചവർക്കുള്ളതാണ് സമാധാനം. ദൈവാശ്രയഫലമായി ലഭിക്കുന്ന ഭദ്രതയെ അതു കാണിക്കുന്നു. ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നതു പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും ആണ്. ഈ പ്രയോഗം യേശുക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്നു.

## ഫിലേമോനുവേണ്ടിയുള്ള പ്രാർത്ഥന (4-7)

പൗലൊസിന്റെ ലേഖനങ്ങളിൽ പ്രാർത്ഥനയുടെ പ്രാധാന്യം കാണാം. തിരക്കുപിടിച്ച തന്റെ ജീവിതത്തിലും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു താൻ സമയം കണ്ടെത്തിയിരുന്നു. മറ്റുള്ളവരിൽ ദൈവം ചെയ്യുന്ന നന്മകൾക്കായി ദൈവത്തിനു സ്തോത്രം ചെയ്യുന്നു. അവരുടെ ആത്മികവും ഭൗതികവുമായ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഫിലേമോൻ ഒരു മാതൃകാവിശ്വാസി ആയിരുന്നു. കർത്താവിനെ അവൻ സ്നേഹിച്ചു. സകല വിശുദ്ധന്മാരോടും വിശ്വസ്തത പുലർത്തിയിരുന്നു. ആ സ്നേഹവും കരുതലും ഒനേസിമൊസിനോടും കാണിക്കണം എന്നു പൗലൊസു സൂചിപ്പിക്കുന്നു. നാം ക്രിസ്തുവിൽ എന്തായിരിക്കുന്നു എന്ന പരിജ്ഞാനത്തിന്റെ തെളിവാണ് സഹോദരവർഗ്ഗത്തോടുള്ള സ്നേഹവും കരുതലും. ഫിലേമോൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പി ച്ചിരുന്നു. അവരുടെ ആവശ്യങ്ങളിൽ സഹായിക്കയും അവരെ സൽക്കരിക്കയും ചെയ്തു. ഇതറിയുന്ന പൗലൊസിന്റെ ഹൃദയം സന്തോഷിക്കയും ആശ്വസിക്കയും ചെയ്യുന്നു. ഫിലേമോന് ഒരു നല്ല സാക്ഷ്യം ഉണ്ടായിരുന്നു. ദൈവജനത്തിന്റെ സാക്ഷ്യം

നമുക്കു പ്രയോജനപ്രദമാണ്. അതു സന്തോഷ ത്തിനും പ്രോത്സാഹനത്തിനും കാരണമായി ഭവിക്കും. ആ നല്ല മാതൃക നമുക്കും അനുകരിക്കാം.

## ഒനേസിമൊസിനുവേണ്ടിയുള്ള അഭയയാചന (8-16)

പൗലൊസു ക്രിസ്തുവിന്റെ അപ്പൊസ്തലനാണ്. ദൈവജനത്തോട് ആജ്ഞാപിക്കുവാൻ അധികാരമുണ്ട്. എന്നാൽ വയസ്സനും ക്രിസ്തുവിനു വേണ്ടി ബഹുകഷ്ടം സഹിച്ചവനുമായ പൗലൊസു ഫിലേമോന്റെ ആത്മിക പക്വത അറിഞ്ഞ് അവനോട് ഒനേസിമൊസിനുവേണ്ടി അപേക്ഷിക്കുന്നു. അത്രമാത്രം പൗലൊസു ഫിലേമോനെ സ്നേഹിച്ചിരുന്നു. ദൈവമക്കളെ നാം സ്നേഹിക്കുമ്പോൾ നമ്മുടെ പെരുമാറ്റങ്ങൾക്കു വ്യത്യാസം ഉണ്ടാകും.

ഒനേസിമൊസിനുവേണ്ടിയാണ് ഫിലേമോനോട് അപേക്ഷിക്കുന്നത്. ഒനേസിമൊസ് ഫിലേമോന്റെ അടിമ യായിരുന്നു. അവൻ യജമാനന്റെ വസ്തുവകകൾ മോഷ്ടിച്ചുകൊണ്ട് ഒളിച്ചോടി. അങ്ങനെ കള്ളനും കൊള്ളരു താത്തവനുമായി തീർന്ന ഒനേസിമൊസ് റോമിൽ എത്തി. യാദൃച്ഛികമായി പൗലൊസിനെ അവൻ കണ്ടുമുട്ടി. അവനിൽനിന്നും സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. തൽഫലമായി അവൻ എല്ലാവർക്കും പ്രയോജനമുള്ളവ നായിത്തീർന്നു. ദൈവമക്കൾ മറ്റുള്ളവർക്കു പ്രയോജനമുള്ളവർ ആകണം.

അടിമകളെയും ആശയറ്റവരെയും രൂപാന്തരപ്പെടുത്തി പ്രയോജനമുള്ളവരാക്കുന്ന മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. അന്ന് അടിമസമ്പ്രദായം നിലനിന്നിരുന്നു. അടിമ യജമാനന്റെ ജംഗമവസ്തുവാണ്. അവൻ പൗരനല്ല. അവകാശ ങ്ങൾ ഒന്നും ഇല്ല. അവൻ വെറും വില്പന ചരക്കാണ്. ഈ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്താണ് ഒനേസി മൊസിനെ ക്രിസ്തുവിൽ ഒരു സഹോദര നായി സ്വീകരിക്കണം എന്ന് അപേക്ഷിക്കുന്നത്. അവൻ പ്രിയ സഹോദ രനാണ്. ഒനേസിമൊസിനെ സ്വതന്ത്രനാക്കണമെന്നു പൗലൊസ് ആവശ്യപ്പെട്ടില്ല. അടിമകൾ സ്വാതന്ത്ര്യത്തിനായി പ്രക്ഷോഭണം നടത്തണമെന്നും പറയു ന്നില്ല. എന്നാൽ ക്രിസ്തുവിൽ ദൈവമക്കൾക്കുള്ള പദവി വ്യക്തമാക്കിയി രിക്കുന്നു. അവർ സഹോദരന്മാരാണ്. പ്രിയരാണ്. കാലാന്തരത്തിൽ ഇത് അടിമകളുടെ വിമോചനത്തിനു കാരണ മായി ഭവിച്ചു എന്നുള്ളത് ഒരു ചരിത്ര സത്യമാകുന്നു.

ഒനേസിമൊസു പൗലൊസിനു പ്രാണപ്രിയനായിരുന്നു. നാം ദൈവമക്കളോട് ഈ മനോഭാവമുള്ളവരാണോ? പൗലൊസിന്റെ കാരാഗൃഹവാസത്തിൽ അവൻ തനിക്കു സഹായി ആയിരുന്നു. ഫിലേമോനു തുല്യനായി അവൻ പൗലൊസിനെ സഹായിച്ചിരുന്നു. എന്നാൽ അതിനു താൻ ഫിലേമോനെ നിർബന്ധിക്കുന്നില്ല. ഫിലേമോൻ ഒനേസിമൊസിനെ സ്വീകരിക്കുന്നതു സ്വന്ത ഇഷ്ടപ്രകാരം ആയിരിക്കണം എന്നു പൗലൊസ് ആഗ്രഹിച്ചു. ഒനേസി മൊസ് ഓടിപ്പോയത് അല്പകാലത്തേക്കു മാത്രമാണ്. അത് അവന്റെയും ഫിലേമോന്റെയും ഗുണത്തിനായിട്ടാ ണ്. അതിൽ ദൈവത്തിന് ഉദ്ദേശം ഉണ്ടായിരുന്നു. ഈ സംഭവം ദൈവിക വീക്ഷണ കോടിയിൽക്കൂടി കാണണം എന്നു പൗലൊസു ഫിലേമോനെ ഓർപ്പിക്കുന്നു. ഇന്ന് ഒനേസിമൊസ് ക്രിസ്തുവിൽ സ്വതന്ത്രനും പ്രയോജനമു ള്ളവനുമാണ്. ദൈവത്തിന് അവകാശിയും ക്രിസ്തുവിന് കൂട്ടവകാശിയും തന്നെ.

## ഫിലേമോനു നൽകുന്ന വാഗ്ദാനം (17-25)

ഫിലേമോൻ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ തുല്യപങ്കാളിയാണ്. ഒനേസിമൊസും ആ കൂട്ടായ്മയിൽ പങ്കു ള്ളവനാണ്. അതുകൊണ്ട് അവനെ പൗലൊസിനെ സ്വീകരിക്കുന്നതുപോലെ സ്വീകരിക്കണം എന്ന് അപേക്ഷി ക്കുന്നു. ദൈവം നമ്മെ ക്രിസ്തുവിൽ സ്വീകരിക്കുന്നതും അതുപോലെയാണ്. ക്രിസ്തുവിനു തുല്യം പൗലൊസ് ഒനേസിമൊസിനു വേണ്ടി ജാമ്യം നിൽ ക്കുന്നു. അവൻ മോഷ്ടിച്ചതു തന്റെ പേരിൽ കണക്കിടുവാൻ ഫിലേ മോനോട് ആവശ്യപ്പെട്ടു. ക്രിസ്തു നമ്മുടെ സകല കടങ്ങളും തന്റെ മേൽ ഇട്ടു. നമ്മുടെ പാപക്കടം തന്റെ രക്തം ചിന്തി തീർത്തു (1 പത്രൊ. 2:24).

പൗലൊസു തന്നെ ഈ ചെറുലേഖനം എഴുതി എന്നു കരുതാം. ഒനേസിമൊസിന്റെ കടം കൊടുത്തു തീർക്കാം എന്നു സമ്മതിക്കുന്ന പൗലൊസിന്റെ പ്രോമിസറിനോട്ട് ആണ് ഈ ലേഖനം. ഫിലേമോനു പൗലൊസിനോടു കടപ്പാടുണ്ട്. അവൻ പൗലൊസിനാൽ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെട്ടവനാണ്. ഒനേസിമൊസിനെ സ്വന്ത സഹോദരനെപ്പോലെ സ്വീകരിക്കുവാനുള്ള ന്യായങ്ങളാണ് ഇവിടെ കാണുന്നത്. ഒനേസിമൊസിനെ സ്വീകരിച്ച് പൗലൊസിന്റെ ഹൃദയത്തെ തണുപ്പിക്കുവാൻ ഫിലേമോനോട് അപേക്ഷിക്കുന്നു. അവൻ സഹോദരന്മാരുടെ ഹൃദയം തണുപ്പിച്ചവനാണ്. നമ്മെക്കുറിച്ച് അങ്ങനെ പറയുവാൻ കഴിയുമോ? ഫിലേമോൻ പൗലൊസിന്റെ അപേക്ഷ കേൾക്കും എന്നുള്ള ഉറപ്പ് തനിക്കുണ്ടായിരുന്നു.

പൗലൊസ് എത്രയും വേഗം ഫിലേമോനെ സന്ദർശിക്കുവാൻ കഴിയും എന്നു പ്രത്യാശിക്കുന്നു (ഫിലി. 2:24). അതിനു പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. അങ്ങനെ സംഭവിച്ചാൽ അതു ദൈവഹിതമാണെന്നു മനസ്സിലാക്കണം. ഫിലേമോന്റെ ഭവനത്തിൽ താമസിക്കാൻ പൗലൊസ് ആഗ്രഹിക്കുന്നു. നമ്മുടെ ഭവനങ്ങൾ കർത്തൃദാസന്മാർക്കു വിശ്രമിക്കുവാൻ തുറന്നുകൊടുക്കണം. കൂട്ടുസഹോദരന്മാരായ എപ്പഫ്രാസും മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും പൗലൊസിനോടു ചേർന്നു ഫിലേമോനു വന്ദനം ചൊല്ലുന്നു. കർത്താവായ യേശുക്രി സ്തുവിന്റെ കൃപ ഫിലേമോനു നേർന്നുകൊണ്ട് ഈ ലേഖനം ഉപസംഹരിച്ചിരിക്കുന്നു.

* * *